ശ്രീ. ഈ. പി. പൗലോസ്: റൈസ്മില്ലുകളും ഇൻഡസ്ട്രിയൽ റിലേഷൻസ് ആക്റ്റനുസരിച്ചാണ് പ്രവർത്തിച്ചുവരുന്നത്. കേന്ദ്രഗവണ്മെന്റ് അതു ഭേദഗതി ചെയ്യണമെന്നു വിചാരിച്ചാൽ അതു സാധിക്കും. സംസ്ഥാന ഗവണ്മെന്റിനുമാത്രം ഈ കാര്യത്തിൽ ഒന്നും ചെയ്യാൻ സാധ്യമല്ല.

ശ്രീമതി കുസുമം: ന്യായവിലഷാപ്പുകൾവഴി രണ്ടിടങ്ങഴി അരി വീതം വിതരണംചെയ്യുന്നതിനും ഗവണ്മെന്റിനും എത്ര സംഖ്യ കൂടുതൽ ചെലവാകും?

ശ്രീ. ഈ. പി. പൗലോസ്: രണ്ടിടങ്ങഴി വീതം കൊടുക്കുന്നതിനു കൂടുതൽ ചെലവൊന്നുമില്ല; കേന്ദ്രഗവണ്മെന്റു കൂടുതൽ അരിതരണമെന്നേ ഉള്ളൂ.

ശ്രീ. സി. എ. മാത്യു: അരിവില ഇടയ്ക്കിടയ്ക്കു വർദ്ധിക്കുന്നതു, യഥാവസരം കച്ചവടക്കാർക്കു വാഗൺ സൗകര്യം ലഭിക്കാത്തതുകൊണ്ടാണെന്നു പറയുന്നതു ശരിയാണോ? വാഗൺ സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസ്: വാഗൺ സൗകര്യത്തിനായി പ്രത്യേകം ഏർപ്പാടുചെയ്തിട്ടുണ്ട്. ഒരു സ്പെഷ്യൽ ആഫീസർ വാഗൺ ശരിയായി അയപ്പിയ്ക്കുന്നതിനു ആന്ധ്രായിൽ സ്ഥിരമായി താമസിക്കുന്നുണ്ട്. കൂടുതൽ ബുദ്ധിമുട്ടുണ്ടാകുന്ന അവസരങ്ങളിൽ, സ്പെഷ്യലാഫീസർ അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്തു എല്ലാ സ്റ്റേഷനിലും ഇറങ്ങി വാഗൺ സൗകര്യങ്ങൾക്കു വേണ്ട ഏർപ്പാടുകളും ചെയ്യുന്നുണ്ട്. അതനുസരിച്ചു റയിൽവേ അധികൃതർ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ശ്രമിക്കുന്നുണ്ട്.

ഫാമിലി പ്ലാനിംഗ്

* 63. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നവംബർ 30–ാം തീയതിവരെ കേരളത്തിൽ ഫാമിലി പ്ലാനിംഗിനു വിധേയരായവർ എത്ര എന്നു പറയാമോ;

(ബി) ഇതിൽ പുരുഷന്മാർ എത്ര; സ്ത്രീകൾ എത്ര;

(സി) കുടുംബാസൂത്രണ പരിപാടി ഊർജ്ജിതമാക്കുന്നതിനു ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഈ കഴിഞ്ഞ നവംബർ 30–ാംതീയതിവരെ ഫാമിലി പ്ലാനിംഗ് ആപ്പറേഷനു വിധേയരായവർ 40,698.

(ബി) പുരുഷന്മാർ 26,389

സ്ത്രീകൾ 14,309

(സി) കുടുംബാസൂത്രണ പരിപാടി ഊർജ്ജിതപ്പെടുത്തുന്നതിനായി സാമൂഹിക പ്രവർത്തകരെ പഞ്ചായത്തുകളിലും, ആശുപത്രികളോടനുബന്ധിച്ചുള്ള ഫാമിലി പ്ലാനിംഗ് ക്ലിനിക്കുകളിലും നിയമിച്ചു കുടുംബാസൂത്രണ പ്രവർത്തനം നടത്തിവരുന്നു. ഇങ്ങനെ പ്രവർത്തിക്കുന്ന 332 കേന്ദ്രങ്ങൾ ഇപ്പോൾ ഈ സംസ്ഥാനത്തു നിലവിലുണ്ട്. കൂടാതെ, കുടുംബാസൂത്രണ പരിശീലന ക്യാമ്പുകൾ, ഗ്രൂപ്പുചർച്ച, സിനിമാപ്രദർശനം എന്നിവയും സംസ്ഥാനത്തിന്റെ നാനാഭാഗത്തും നടത്തിവരുന്നുണ്ട്.

മി. സ്പീക്കർ: 12–ാം, 28–ാം നമ്പർ ചോദ്യങ്ങൾക്കു കൂടി ഉത്തരം പറയാം,

LIBRARY ARCHIVES Kerala Legislative Assembly